WEDNESDAY

24/12/2025

ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer’s Welfare Department

GOVERNMENT OF KERALA

**Chief Editor:** SINDHU. KS  **Editor:** Dr. G.Pramodkumar

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 24/12/2025

1. കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന നാളികേര വികസന ബോർഡ് തെങ്ങ് കൃഷിയിലും നാളികേരാധിഷ്ഠിത വ്യവസായത്തിലും മികവ് പുലർത്തുന്നവരെ അംഗീകരിക്കുന്നതിനായി രണ്ടു വർഷത്തിലൊരിക്കൽ നൽകി വരുന്ന ദേശീയ അവാർഡുകൾക്ക് അപേക്ഷകൾ ക്ഷണിച്ചു. രാജ്യത്തെ പരമ്പരാഗതമായി തെങ്ങു കൃഷി ചെയ്യുന്ന സംസ്ഥാനങ്ങളിലെ മികച്ച നാളികേര കർഷകൻ, പരമ്പരാഗതമായി തെങ്ങു കൃഷി ഇല്ലാത്ത സംസ്ഥാനങ്ങളിലെ മികച്ച നാളികേര കർഷകൻ, മികച്ച നാളികേര സംസ്കരണ സംരംഭകൻ, മികച്ച നാളികേര വിജ്ഞാന വ്യാപന ഉദ്യോഗസ്ഥൻ, മികച്ച തെങ്ങ് കയറ്റക്കാരൻ, സ്ത്രീകളുടെ ഉടമസ്ഥതയിലുള്ള മികച്ച നാളികേര സംസ്കരണ യൂണിറ്റ് എന്നിങ്ങനെ ആറു വിഭാഗങ്ങളിലായാണ് അവാർഡ് നൽകുക . https://coconutboard.gov.in/CDBNationalAward 2022-24.htm എന്ന വിലാസത്തിൽ അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കാം. അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി 2026

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ജനുവരി 15 ആണ്. കൂടുതൽ വിവരങ്ങൾക്ക് ബോർഡിന്റെ വെബ്സൈറ്റായ www.coconutboard.gov.in സന്ദർശിക്കാവുന്നതാണ്.

2. ഈ വർഷത്തെ വസന്തോത്സവം വിനോദസഞ്ചാര വകുപ്പിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം ജില്ലാ ടൂറിസം പ്രോമോഷൻ കൗൺസിലുമായി ചേർന്ന് ഇന്ന് ഡിസംബർ 24 മുതൽ 2026 ജനുവരി 4 വരെ കനകക്കുന്ന് കൊട്ടാരത്തിലും നിശാഗന്ധി ഓഡിറ്റോറിയത്തിലുമായി സംഘടിപ്പിക്കുന്നു. പുഷ്പാലങ്കാരങ്ങൾ, ഭക്ഷ്യമേള, നാടൻ-ഗോത്രവർഗ്ഗ കലാരൂപങ്ങളുടെ അവതരണം, കാർഷിക വസ്തുക്കൾ, വിത്തുകൾ, മറ്റ് നടിൽ വസ്തുക്കൾ, ഔഷധ – പുഷ്പഫല സസ്യങ്ങൾ എന്നിവയുടെ പ്രദർശനം, വില്പന, എന്നിവയാണ് വസന്തോത്സവത്തിന്റെ പ്രധാന ആകർഷണം.

3. വയനാട് അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന സെന്റർ ഓഫ് എക്സലൻസ് ഫോർ ഫ്ളവേഴ്സ് ആൻഡ് വെജിറ്റബിൾസിൽ നിന്നും ക്യാബേജ്, കോളിഫ്ലവർ, ബ്രോക്കോളി, ബീൻസ്, പാലക് ചീര തൈകൾ, തണ്ണിമത്തൻ വിവിധയിനം സങ്കരയിനം പച്ചക്കറി തൈകൾ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഹൈബ്രിഡ് പുഷ്പ വിള തൈകൾ, ദീർഘകാല പച്ചക്കറി വിളകളായ ഹൈബ്രിഡ് പപ്പായ, മുരിങ്ങ, കാന്താരി മുളക്, ചതുരപ്പയർ എന്നിവയുടെ തൈകൾ മുൻകൂർ ഓർഡർ ചെയ്യുന്ന പ്രകാരം തയ്യാറാക്കി നൽകുന്നതാണ്. ചെറിയ അളവിൽ RARS കൗണ്ടറിൽ നിന്ന് വാങ്ങാവുന്നതുമാണ്. കൂടുതൽ വിവരങ്ങൾക്ക് 9562304546.

4. തിരുവനന്തപുരം വെള്ളായണി കാർഷിക കോളേജിലെ ഇൻസ്ട്രക്ഷനൽ ഫാമിൽ നിന്നും തേനീച്ച കോളനികൾ വില്പനയ്ക്ക് ലഭ്യമാണ്. പ്രവർത്തി ദിവസങ്ങളിൽ രാവിലെ 9 മുതൽ 4 മണി വരെ ഫോണിലൂടെ ബുക്കിംഗ് നടത്താം. കൂടുതൽ വിവരങ്ങൾക്ക് 0471-2383572, 9961578887, 99478 32352

5. കാലാവസ്ഥ അധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതിയിൽ റാബി 2 സീസൺ (2024-25) കർഷകർക്ക് ഡിസംബർ 31 വരെ ചേരാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക്: www.pmfby.gov.in സന്ദർശിക്കുക അല്ലെങ്കിൽ അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## പരിശീലന പരിപാടി

6. കേരള കാർഷിക സർവ്വകലാശാലയുടെ ഇ-പഠന കേന്ദ്രം നടത്തിവരുന്ന "സമ്പന്ന മാലിന്യം" എന്ന വിഷയത്തിലെ സൗജന്യ ഓൺലൈൻ പരിശീലന പരിപാടിയുടെ പുതിയ ബാച്ച് 2025 ഡിസംബർ 26 ന് ആരംഭിക്കുന്നു. കേരള കാർഷിക സർവ്വകലാശാല ശാസ്ത്രജ്ഞർ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർക്ക് celkau.in എന്ന ലിങ്കിൽ കൈകാര്യം ചെയ്യുന്ന കോഴ്സിൽ ക്ലിക്ക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. ജനുവരി 4 ന് ശേഷം പുതിയ രജിസ്ട്രേഷനുകൾ സ്വീകരിക്കുന്നതല്ല. രജിസ്റ്റർ ചെയ്യുന്നതിനുള്ള നിർദേശങ്ങൾ മേൽപ്പറഞ്ഞ ലിങ്കിൽ ലഭ്യമാണ്. ഫോൺ : 0487-2438567, 8547837256.

7. സംസ്ഥാന ക്ഷീരസംഗമം 'പടവ് 2025' നോടനുബന്ധിച്ച് ഓച്ചിറ ക്ഷീരോത്പന്ന നിർമാണ പരിശീലന വികസന കേന്ദ്രത്തിൽ ജില്ലയിലെ സ്കൂൾ വിദ്യാർഥികൾക്കായി ജനുവരി 12, 13, 14 തീയതികളിൽ വിവിധ മത്സരങ്ങൾ സംഘടിപ്പിക്കും. പെൻസിൽ ഡ്രായിംഗ്, ഉപന്യാസ രചന, പെയിന്റിംഗ്, ക്ഷീര പ്രശ്നോത്തരി എന്നിവയാണ് മത്സരയിനങ്ങൾ. യു പി, ഹൈസ്കൂൾ തലങ്ങളിലായാണ് മത്സരങ്ങൾ. രജിസ്ട്രേഷനും

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വിവരങ്ങൾക്കുമായി ഡിസംബർ 27 ന് വൈകിട്ട് അഞ്ചിനകം ഓച്ചിറ ക്ഷീരോൽപന്ന നിർമാണ പരിശീലന വികസന കേന്ദ്രവുമായി ബന്ധപ്പെടണം. ഫോൺ: 8089391209, 0476 2698550.

## കാർഷിക നിർദേശം

8. പച്ചക്കറിവിളകളിൽ മീലിമൂട്ടകൾ, ശല്ക്കകീടങ്ങൾ എന്നിവയെ നിയന്ത്രിക്കാനുള്ള വെർട്ടിസീലിയം, ഇലതീനി പുഴുക്കൾക്കെതിരെയുള്ള ബ്യൂവേറിയ ബാസിയാന, ചിതൽ, വേരുതീനി പുഴുക്കൾ എന്നിവയ്ക്കെതിരെയുള്ള മെറ്റാറൈസിയം എന്നിവ വെള്ളാനിക്കര ഹോർട്ടിക്കൾച്ചർ കോളേജിലെ ജൈവകീടരോഗ നിയന്ത്രണ വിഭാഗത്തിലും മണ്ണുത്തിയിലെ യൂണിവേഴ്സിറ്റി വില്പനകേന്ദ്രത്തിലും (0487-2370540) കണ്ണാറവാഴ ഗവേഷണകേന്ദ്രത്തിലും (0487-2699087) ലഭ്യമാണ്. 20 ഗ്രാം വരെ ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് കലക്കി ചെടികളിൽ തളിച്ചുകൊടുക്കണം.